പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3039 **29-10-2026-ൽ മറുപടിയ്ക്ക്**

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ ശമ്പള ആനുകൂല്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2016-17 മുതൽ 2019-20 അധ്യയന വർഷം വരെ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകളിലും പുതിയ സ്കൂളുമായി ബന്ധപ്പെട്ടും മറ്റും ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് 06.02.2021-ലെ സ.ഉ. (അച്ചടി)4/2021/പൊ.വി.വ. പ്രകാരം നിയമന അംഗീകാരം നൽകി മറ്റെല്ലാ സർവീസ് ആനുകൂല്യങ്ങളും അനുവദിച്ചെങ്കിലും ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകാനുണ്ടോ;

മറുപടി: കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥ പാലിക്കാതെ 2016 മുതൽ 2021 വരെ നടത്തപ്പെട്ട നിയമനങ്ങൾ അംഗീകരിക്കുന്നതിന് 06.02.2021 ലെ സ.ഉ. (പി) നം.04/2021/പൊ.വി.വ ഉത്തരവ് പ്രകാരം മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം, നിയമന തീയതി മുതൽ നോഷണൽ ആയും 06.02.2021 മുതൽ ശമ്പളവും മറ്റ് അനുകൂല്യങ്ങളും നല്കാവുന്നതുമാണ് എന്നും സർക്കാർ നിർദേശം നല്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 2016 മുതൽ 2021 വരെ നിയമനം ലഭിച്ച അധ്യാപകരുടെ സർവീസ് 05.02.2021 വരെ നോഷണൽ ആയി നിലനിർത്തിയത്. സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുകയില്ല എന്ന വ്യവസ്ഥയിലാണ് നിയമനം അംഗീകരിക്കുന്നത്. നിലവിൽ ഈ വിഷയത്തിൽ നിരവധി കേസു കൾ ബഹു. ഹൈകോടതിയുടെ പരിഗണനയിലാണ്. ടി കേസുകളുടെ അന്തിമ വിധിന്യായം വരുന്ന മുറയ്ക്ക് മാത്രമേ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഇപ്രകാരം കേരളത്തിൽ നോഷണലായി നിയമന അംഗീകാരം ലഭിച്ച എത്ര അധ്യാപകർ ഉണ്ടെന്ന് തസ്തികയും ജില്ലയും തിരിച്ച് വിശദമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ അധ്യാപകർക്ക് ശമ്പള ആനുകൂല്യം നൽകുന്നതിന് ഏതെങ്കിലും കോടതി ഉത്തരവ് തടസ്സമുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: ചട്ടവ്യവസ്ഥ പാലിക്കാതെ നടത്തിയ നിയമനങ്ങൾ ക്രമപ്പെടുത്തിയ സ.ഉ.((പി)നം.04/2021/പൊ.വി.വ തീയതി 06. 02.2021 ഉത്തരവിലെ നിർദേശത്തിൻറ അടിസ്ഥാനത്തിൽ 2016 മുതൽ 2021 വരെ നിയമനം ലഭിച്ച അധ്യാപകരുടെ സർവീസ് 05.02.2021 വരെ നോഷണൽ ആയി നിലനിർത്തിയത്. 06.0 2.2021 മുതൽ ശമ്പളവും മറ്റ് അനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്.

നിലവിൽ ഈ വിഷയത്തിൽ നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. ആയത് ബഹു. കോടതിയുടെ പരിഗണനയിലാണ്. ടി കേസുകളുടെ അന്തിമ വിധിന്യായം വരുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) ഈ അധ്യാപകർക്ക് ശമ്പള ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: ചട്ടവ്യവസ്ഥ പാലിക്കാതെ നടത്തിയ നിയമനങ്ങൾ ക്രമപ്പെടുത്തിയ സ.ഉ.(പി)നം.04/2021/പൊ.വി.വ തീയതി 06. 02.2021 ഉത്തരവിലെ നിർദേശത്തിൻറ അടിസ്ഥാനത്തിൽ 2016 മുതൽ 2021 വരെ നിയമനം ലഭിച്ച അധ്യാപകരുടെ സർവീസ് 05.02.2021 വരെ നോഷണൽ ആയി നിലനിർത്തിയത്. 06.0 2.2021 മുതൽ ശമ്പളവും മറ്റ് അനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. നിലവിൽ ഈ വിഷയത്തിൽ നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. ആയത് ബഹു. കോടതിയുടെ പരിഗണനയിലാണ്. ടി കേസുകളുടെ അന്തിമ വിധിന്യായം വരുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ